നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾക്ക് എതിരായി 14.5.99-ൽ കേരള എം.ഫാം സ്റ്റുഡന്റ്സ് ഫോറം നിവേദനം സമർപ്പിക്കുകയുണ്ടായി. തിരുവനന്തപുരം ഫാർമസി കോളേജ് മേധാവിയുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം എം.ഫാം വിദ്യാർത്ഥികൾക്ക് 29.4.99-ൽ നൽകിയ ഡ്യൂട്ടികൾ നടപ്പാക്കുന്നത് നിർത്തി വയ്ക്കാൻ 28.6.99-ൽ ഫാർമസി കോളേജ് മേധാവിക്ക് മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ)&(എഫ്) ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

143 (1747) മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ എത്ര;

(ബി) ഇവരിൽ പൊതുവിഭാഗത്തിൽ (മെരിറ്റിൽ) തെരഞ്ഞെടുക്കപ്പെട്ട മുസ്ലീം വിദ്യാർത്ഥികൾ എത്ര;

(സി) സംവരണ ആനുകൂല്യം നൽകി തെരഞ്ഞെടുക്കപ്പെട്ട മുസ്ലിം വിദ്യാർത്ഥികൾ എത്ര?

ഉത്തരം

(എ)-(സി) 1999-ൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സിലേക്കുള്ള പ്രവേശനപ്പരീക്ഷയുടെ പൂർണ്ണമായ റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറിൽ നിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവേശനത്തിനുള്ള ഇന്റർവ്യൂ 28.12.99-ൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നത് മാറ്റിവച്ചിരിക്കുകയാണ്. ലക്ചറർ കാറ്റഗറിയിലേക്ക് മാത്രമേ ഇപ്പോൾ പ്രവേശനം നൽകിയിട്ടുള്ളൂ.

144 (1748) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ രണ്ടാംഗ്രേഡ് ആശുപത്രി അറ്റൻഡർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഈ ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇപ്പോൾ ഈ തസ്തികയിൽ ജോലി ചെയ്യുന്ന വിധവകളും വികലാംഗരുമായ താൽക്കാലിക ജീവനക്കാർക്ക് സ്ഥിരനിയമനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly